ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE: 30.08.2026

## പ്രധാനവാർത്തകൾ

1. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ കേരളത്തിൽ. വിശ്വാസ്യതയാണ് മാധ്യമപ്രവർത്തനത്തിന്റെ പ്രധാന ധാർമ്മിക മൂല്യമെന്ന് ഉപരാഷ്ട്രപതി.
2. ആറന്മുള ഉതൃട്ടാതി ജലോത്സവം ഉപരാഷ്ട്രപതി അൽപസമയത്തിനകം ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരത്ത് ഓണം വാരാഘോഷ സമാപന പരിപാടിയിലും പങ്കെടുക്കും.
3. ലഹരിമുക്ത ഇന്ത്യ ലക്ഷ്യമിട്ടുള്ള നശാമുക്ത് പ്രചാരണ പരിപാടിക്ക് മികച്ച പ്രതികരണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. **PM** സ്വനിധി പദ്ധതി സ്ത്രീ ശാക്തീകരണത്തിന് പുതിയ ഊർജ്ജം പകരുന്നതായും പരാമർശം.
4. ബഹിരാകാശം സ്വപ്നം കാണുന്ന ലോകമെമ്പാടുമുള്ള പെൺകുട്ടികളെ ഒരുമിച്ച് കൊണ്ടുവരുന്നതിന് **Mission ShaktiSAT** സംരംഭം ആവിഷ്കരിച്ചതായി പ്രധാനമന്ത്രി. ചരിത്രം ലളിതമായി അവതരിപ്പിക്കാൻ വെബ്സൈറ്റ് തയ്യാറാക്കിയ മുംബൈ സ്വദേശി കൃഷ്ണ ശേഷാദ്രിക്ക് മൻ കി ബാത്തിൽ അഭിനന്ദനം.

RNUTVPM

5. മിന്നൽ പ്രളയം നാശം വിതച്ച നേപ്പാളിൽ രക്ഷാ - ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഊർജ്ജിതം.
6. വനിതാ ടി-20 ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ന് ഇന്ത്യ - തായ്ലാന്റ് പോരാട്ടം.

## ഉപരാഷ്ട്രപതി - സന്ദർശനം

വിശ്വാസ്യതയാണ് മാധ്യമപ്രവർത്തനത്തിന്റെ പ്രധാന ധാർമ്മിക മൂല്യമെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. ആലപ്പുഴ ലിയോ XIII ഹയർ സെക്കൻഡറി സ്കൂളിൽ കേരളകൗമുദിയുടെ 115-ാം വാർഷികാഘോഷത്തിൻ്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ധാർമികത കൈവിടാതെ, മാധ്യമപ്രവർത്തന രംഗത്ത് ഒരു നൂറ്റാണ്ടിലേറെ പ്രവർത്തിച്ചു വരുന്ന കേരള കൗമുദിയെ അഭിനന്ദിക്കുന്നതായും ഉപരാഷ്ട്രപതി പറഞ്ഞു. ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ, മന്ത്രി റോജി എം ജോൺ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് രാവിലെ കൊച്ചിയിലെത്തിയ ഉപരാഷ്ട്രപതിയെ ഗവർണ്ണർ സ്വീകരിച്ചു.

RNU TVPM

## MKB - ലഹരി മുക്തം (ഇൻട്രോ)

ലഹരിമുക്ത ഇന്ത്യ ലക്ഷ്യമിട്ടുള്ള നശാമുക്ത് യുവ ഫോർ വികസിത് ഭാരത് പ്രചാരണ പരിപാടിക്ക് മികച്ച പ്രതികരണമാണ് ലഭിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. യുവാക്കളും ഈ പ്രചാരണത്തിന്റെ ഭാഗമാകുകയാണെന്ന് മൻ കി ബാത്തിന്റെ 137 -ാം പതിപ്പിൽ അദ്ദേഹം പറഞ്ഞു. യുവാക്കളുടെ ആരോഗ്യം, സന്തോഷം, ഉജ്ജ്വല ഭാവി എന്നിവയ്ക്കുള്ള കൂട്ടായ പ്രതിജ്ഞയാണ് ഇതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

(വോയിസ്)

യുവതലമുറയെ ലഹരിയിൽ നിന്ന് അകറ്റിനിർത്താനും ലഹരി മുക്തരാക്കാനുമുള്ള പ്രവർത്തനങ്ങളിൽ എല്ലാവരും പങ്ക് ചേരണമെന്നും അദ്ദേഹം

ആഹ്വാനം ചെയ്തു. ലഹരിക്കെതിരെയുള്ള സന്ദേശങ്ങൾ സമൂഹമാധ്യമത്തിൽ hashtag സഹിതം പങ്കുവെക്കണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

## MKB - തിരംഗ യാത്ര

ദേശീയ കൈത്തറി ദിനം, ക്വിറ്റ് ഇന്ത്യ പ്രസ്ഥാനത്തിന്റെ വാർഷികം, വിഭജന ഭീതി സ്മൃതി ദിനം തുടങ്ങിയവയിലൂടെ ഓഗസ്റ്റ് മാസം രാജ്യമെമ്പാടും ദേശഭക്തിയുടെ വർണ്ണങ്ങൾ വിതറിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ദേശഭക്തി കൂടുതൽ ശക്തമാക്കുന്നതിന് ഹർ ഘർ തിരംഗാ അഭിയാനിലൂടെ സാധിച്ചു. ഇത്തവണ 8 കോടിയിലധികം തിരംഗ സെൽഫികളാണ് upload ചെയ്തതെന്നും പ്രധാനമന്ത്രി മൻ കി ബാത്തിൽ പറഞ്ഞു. 'സൂര്യപഥ് തിരംഗ' യാത്രയെ കുറിച്ചും അദ്ദേഹം പരാമർശിച്ചു.

## MKB കൃഷ്ണ

ചരിത്രത്തെ രസകരമായി അടയാളപ്പെടുത്താനും രാജ്യത്ത് നിലവിലുണ്ടായിരുന്ന സാമ്രാജ്യങ്ങളെ കുറിച്ച് പരിചയപ്പെടുത്താനുമായി ഭാരത് രാജ്യ ഡോട്ട് കോം എന്ന വെബ്സൈറ്റ് തയ്യാറാക്കിയ, മുംബൈയിൽ നിന്നുള്ള കൃഷ്ണ ശേഷാദ്രിയുമായി പ്രധാനമന്ത്രി മൻ കി ബാത്തിലൂടെ സംവദിച്ചു. ഭൂതകാലത്തെ കുറിച്ച് ലളിതമായി മനസിലാക്കാൻ ഇത് സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ ചരിത്രത്തെ കഥാ രൂപത്തിൽ ജനങ്ങളിൽ എത്തിക്കാനുള്ള കൃഷ്ണയുടെ ശ്രമത്തിന് പ്രധാനമന്ത്രി ആശംസകൾ നേർന്നു.

RNU TVPM

## MKB - സ്വനിധി (ഇൻട്രോ)

PM സ്വനിധി പദ്ധതി സ്ത്രീശാക്തീകരണത്തിന് പുതിയ ഊർജ്ജം പകരുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പദ്ധതിയുടെ ഗുണഭോക്താക്കളിൽ 46 ശതമാനം സ്ത്രീകളാണ്. രാജ്യത്തുടനീളം ഏകദേശം 35 ലക്ഷം സ്ത്രീകൾ ഈ പദ്ധതിയിലൂടെ വ്യാപാരം ചെയ്യുന്നു. ഇതിലൂടെ കുട്ടികളുടെ വിദ്യാഭ്യാസം ഉൾപ്പെടെ മുഴുവൻ കുടുംബത്തിന്റെ ഭാവിയും മെച്ചപ്പെട്ടതായി പ്രധാനമന്ത്രി വ്യക്തമാക്കി.

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁❁❁

## MKB ശുചിത്വം

ഒരു പ്രദേശത്തിൻറെ പരിവർത്തനത്തിൽ ശുചിത്വത്തിന് സവിശേഷ പങ്കുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. പ്രദേശവാസികൾ ഒന്നാകെ ശുചിത്വത്തിനായുള്ള പ്രതിജ്ഞയെടുക്കുമ്പോൾ ആ സ്ഥലത്തിന്റെ മുഖമുദ്ര തന്നെ മാറും. ഇത്തവണ അമർനാഥ് യാത്രയിൽ ശുചീകരണ പ്രവർത്തകരുടെ പരിശ്രമത്തിലൂടെ 400 മെട്രിക്ക് ടണ്ണിലധികം മാലിന്യം സംഭരിക്കാൻ സാധിച്ചു. ഇതിൽ തീർത്ഥാടകരും പങ്കാളികളായതായും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## എംകെബി ശക്തി സാറ്റ് (ഇൻട്രോ)

രാജ്യത്തെ പെൺകുട്ടികളുടെ സ്വപ്നങ്ങൾ ബഹിരാകാശത്തോളം വളർന്ന തായി പ്രധാനമന്ത്രി പറഞ്ഞു. ഇത്തരത്തിൽ സ്വപ്നം കാണുന്ന ലോക മെമ്പാടുമുള്ള പെൺകുട്ടികളെ ഒരുമിച്ച് കൊണ്ടുവരിക എന്ന ലക്ഷ്യ ത്തോടെയാണ് Mission ShaktiSAT ആവിഷ്കരിച്ചതെന്ന് അദ്ദേഹം വ്യക്ത മാക്കി. ഇതിലൂടെ 108 രാജ്യങ്ങളിലെ 12,000 വിദ്യാർത്ഥിനികൾക്ക് Satellite സാങ്കേതികവിദ്യ പഠിക്കാനും ഈ മേഖലയിൽ മുന്നേറാനും അവസരം ലഭിക്കുന്നതായും അദ്ദേഹം മൻ കി ബാത്തിൽ പരാമർശിച്ചു.

RNU TVPM

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁❁❁

## MKB ഉപസംഹാരം

ദീപാവലി ഉൾപ്പെടെ വരാനിരിക്കുന്ന ആഘോഷങ്ങളിൽ തദ്ദേശീയ ഉത്പന്നങ്ങൾ ഉപയോഗിക്കണമെന്ന് പ്രധാനമന്ത്രി ഓർമ്മിപ്പിച്ചു. Vocal for local എന്ന സന്ദേശം പരമാവധി ജനങ്ങളിലേക്ക് എത്തിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. ചെറിയ ശ്രമങ്ങളിലൂടെ സമൂഹത്തിൽ കൊണ്ടു വരാൻ സാധിക്കുന്ന മാറ്റങ്ങൾ മറ്റുള്ളവർക്കും പ്രചോദനമാകുമെന്ന്

ഓർമ്മിപ്പിച്ച് കൊണ്ടാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി മൻ കി ബാത്തിന്റെ 137-ാാം പതിപ്പ് ഉപസംഹരിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ആറന്മുള ഉത്തൃട്ടാതി ജലമേള

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ആറന്മുളയിലെത്തി. പ്രസിദ്ധമായ ആറന്മുള ഉത്തൃട്ടാതി ജലമേള അൽപസമയത്തിനകം ഉദ്ഘാടനം ചെയ്യും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, മന്ത്രിമാരായ രമേശ് ചെന്നിത്തല, മോൻസ് ജോസഫ്, റോജി എം. ജോൺ, തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും. മൂന്നുമണിക്ക് ആരംഭിക്കുന്ന മത്സരങ്ങളിൽ 51 പള്ളിയോടങ്ങളാണ് അണിനിരക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ഓണം വാരാഘോഷം (ഇൻട്രോ)

സംസ്ഥാന ടൂറിസം വകുപ്പ് സംഘടിപ്പിച്ച ഓണം- ടൂറിസം വാരാഘോഷത്തിന് ഇന്ന് വർണാഭമായ ഘോഷയാത്രയോടെ സമാപനം. വൈകുന്നേരം 5 ന് ലോക്ഭവന് സമീപം നടക്കുന്ന ചടങ്ങിൽ സമാപന ഘോഷയാത്ര ഉപരാഷ്ട്രപതി ഫ്ളാഗ് ഓഫ് ചെയ്യും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി വി.ഡി. സതീശൻ, ചലച്ചിത്ര നടൻ ആസിഫ് അലി തുടങ്ങിയവർ പങ്കെടുക്കും.

RNU TVPM

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്**

(വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁❁❁

## തിരുവനന്തപുരം ഗതാഗത നിയന്ത്രണം

ഓണം വാരാഘോഷ സമാപനവും ഉപരാഷ്ട്രപതിയുടെ സന്ദർശനവും കണക്കിലെടുത്ത് തിരുവനന്തപുരം നഗരത്തിൽ ഇന്നും നാളെയും ഗതാഗത നിയന്ത്രണങ്ങളും പാർക്കിംഗ് ക്രമീകരണങ്ങളും ഏർപ്പെടുത്തി. ഇന്ന് ഉച്ചയ്ക്ക് രണ്ട് മണി മുതൽ കവടിയാർ മുതൽ കിഴക്കേകോട്ട -

വെട്ടിമുറിച്ചകോട്ട - ഈഞ്ചയ്ക്കൽ - കല്ലുമ്മൂട് വരെയുള്ള പ്രധാന പാതകളിലും ഇടറോഡുകളിലും ഗതാഗത നിയന്ത്രണം ഉണ്ടായിരിക്കും.

## ഉപരാഷ്ട്രപതി - ലക്ഷദ്വീപ്

നാളെ ലക്ഷദ്വീപിൽ എത്തുന്ന ഉപരാഷ്ട്രപതി, അഗത്തി ദ്വീപിൽ ഫിഷറീസ് വകുപ്പ് സംഘടിപ്പിക്കുന്ന പരിപാടിയിൽ മുഖ്യാതിഥിയാകും. തുടർന്ന് കേരളത്തിൽ തിരിച്ചെത്തുന്ന അദ്ദേഹം കൊച്ചി കാക്കനാട് രാജഗിരി സ്കൂൾ ഓഫ് Engineering & Technology യുടെ രജത ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കും.

## നേപ്പാൾ - വെള്ളപ്പൊക്കം

മിന്നൽ പ്രളയം നാശം വിതച്ച നേപ്പാളിൽ രക്ഷാ – ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഊർജ്ജിതം. ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 734 ആയി. ഏകദേശം 2,500 ഓളം പേരെയാണ് കാണാതായത്. ഇതുവരെ 108 ഇന്ത്യൻ പൗരന്മാരെ രക്ഷപ്പെടുത്തിയതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. കേരളത്തിൽ നിന്നുള്ള 16 പേർ സുരക്ഷിതരായി തിരിച്ചെത്തിയിട്ടുണ്ടെന്ന് നോർക്ക റൂട്ട്സ് വ്യക്തമാക്കി. ഏഴു പേരെ കുറിച്ചാണ് ഇനി വിവരം ലഭിക്കാനുള്ളത്.

RNUTVPM

## വനിതാ ടി-20 ക്രിക്കറ്റ്

വനിതാ ടി-20 ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് തായ്‌ലാന്റിനെ നേരിടും. ഇന്ത്യൻ സമയം രാത്രി 8.30 ന് ദുബായ് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം. ഹർമൻപ്രീത് കൗറാണ് ഇന്ത്യയെ നയിക്കുന്നത്.

## പ്രധാനമന്ത്രി ഉസ്ബെക്കിസ്ഥാൻ

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് താഷ്കെന്റ്റിൽ ഉസ്ബെക്കിസ്ഥാൻ പ്രസിഡന്റ് ഷെവ്കത്ത് മിർസിയോയെവുമായി ഉഭയകക്ഷി ചർച്ച നടത്തും.

വ്യാപാരം, നിക്ഷേപം, പ്രതിരോധം എന്നീ മേഖലകളിളിലെ പങ്കാളിത്തം ഇരു നേതാക്കളും അവലോകനം ചെയ്യും.

☸☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸

RNU TVPM